## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **26-07-2021 - ൽ മറുപടിയ്ക്ക്**

## തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖലയിൽ ഇ. എസ്. ഐ സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | എ) യും ബി)യും 1948-ലെ ഇ.എസ്.ഐ ആക്ട് വകുപ്പ് 1 (5) പ്രകാരം സംസ്ഥാന സർക്കാരിന് ഇ.എസ്.ഐ കോർപ്പറേഷനുമായി കൂടിയാലോചനയ്ക്കു ശേഷം ഗസറ്റ് വിജ്ഞാപനത്തിലൂടെ ഏതൊരു സ്ഥാപനത്തിനേയോ മേഖലയെയോ ഇ.എസ്.ഐ സ്കീമിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഇ.എസ്.ഐ ആക്ട് പ്രകാരം തോട്ടം മേഖലയെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിനുശേഷം 1951-ലെ പ്ലാന്റേഷൻസ് ലേബർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി 1959-ലുള്ള കേരള പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിൽ മാറ്റം കൊണ്ടുവന്ന് ഇ.എസ്.ഐ പദ്ധതി തോട്ടങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയെ ഇ.എസ്.ഐ സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള കരട് വിജ്ഞാപനവും കേരള പ്ലാന്റേഷൻസ് ലേബർ ചട്ടഭേദഗതിയുടെയും കരട് വിജ്ഞാപനവും സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ തോട്ടം മേഖലയിൽ ഇ. എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയ്ക്കും ഇ. എസ്. ഐ.പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭിക്കുന്നതാണ്. |
| (ബി) | അതിന്റെ നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ? | (ബി) | എ) യും ബി)യും 1948-ലെ ഇ.എസ്.ഐ ആക്ട് വകുപ്പ് 1 (5) പ്രകാരം സംസ്ഥാന സർക്കാരിന് ഇ.എസ്.ഐ കോർപ്പറേഷനുമായി കൂടിയാലോചനയ്ക്കു ശേഷം ഗസറ്റ് വിജ്ഞാപനത്തിലൂടെ ഏതൊരു സ്ഥാപനത്തിനേയോ മേഖലയെയോ ഇ.എസ്.ഐ |

| | | | |
|---|---|---|---|
| | | | സ്കീമിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഇ.എസ്.ഐ ആക്ട് പ്രകാരം തോട്ടം മേഖലയെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിനുശേഷം 1951-ലെ പ്ലാന്റേഷൻസ് ലേബർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി 1959-ലുള്ള കേരള പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിൽ മാറ്റം കൊണ്ടുവന്ന് ഇ.എസ്.ഐ പദ്ധതി തോട്ടങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയെ ഇ.എസ്.ഐ സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള കരട് വിജ്ഞാപനവും കേരള പ്ലാന്റേഷൻസ് ലേബർ ചട്ടഭേദഗതിയുടെയും കരട് വിജ്ഞാപനവും സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ തോട്ടം മേഖലയിൽ ഇ. എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയ്ക്കും ഇ. എസ്. ഐ.പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ